അനെർട്ട്
ANERT
Agency for New and renewable Energy Research and Technology
നവീനവും പുനരുപയോഗയോഗ്യവുമായ ഊർജ്ജ ഗവേഷണങ്ങൾക്കും സാങ്കേതിക വിദ്യകൾക്കുമുള്ള ഏജൻസി
DEPARTMENT OF POWER, GOVERNMENT OF KERALA
Law College Road, PMG, Thiruvananthapuram 695033 • director@anert.in • www.anert.gov.in
Tel.: (+91-471) 2338077, 2334122, 2333124, 2331803 • Fax: (+91-471) 2329853

ANERT-ADM/41/2019-OA1(HRM) 25/08/2022

## ക്വട്ടേഷൻ/ലേല നോട്ടീസ്

അനെർട്ടിന്റെ ആസ്ഥാന കാര്യാലയത്തിൽ സൂക്ഷിച്ചിട്ടുള്ള KL-01-T-5928 അംബാസ്സഡർ കാർ കണ്ടം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി താൽപര്യമുള്ളവരിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുന്നു. ക്വട്ടേഷൻ തുറക്കുന്നതിനു മുൻപായി പ്രസ്തുത വാഹനം അനെർട്ടിന്റെ ആസ്ഥാന കാര്യാലയത്തിൽ വച്ച് (ലോ കോളേജ് റോഡ്, വികാസ് ഭവൻ. പി.ഒ, തിരുവനന്തപുരം-695033) നിലവിലുള്ള അവസ്ഥയിൽ പരസ്യമായി ലേലം ചെയ്യുന്നതുമാണ്. ഏറ്റവും ഉയർന്ന നിരക്കിൽ ക്വട്ടേഷൻ/ലേലം കൊള്ളുന്നയാൾക്ക് നിബന്ധനകൾക്ക് വിധേയമായി വാഹനം അനുവദിച്ച് നൽകുന്നതാണ്. 20/08/2022 തിയതിയിൽ ANERT-ADM/41/2019-OA1(HRM) പ്രകാരം പ്രസിദ്ധീകരിച്ച ക്വട്ടേഷൻ/ലേല നോട്ടീസ് മാറ്റി വെച്ചിട്ടുള്ളതാണ്.

1. ക്വട്ടേഷൻ ലഭിക്കേണ്ട അവസാന തിയതിയും സമയം : 01-09-2022, വൈകുന്നേരം 03.00 മണി വരെ.
2. ക്വട്ടേഷൻ തുറക്കുന്ന തിയതിയും സമയവും : 02-09-2022, രാവിലെ 11.30 മണിക്ക് തുടങ്ങുന്ന ലേലത്തിന് ശേഷം
3. ലേലം നടത്തുന്ന തിയതിയും സമയവും : 02-09-2022, രാവിലെ 11.30 മണിക്ക്

പൊതു നിബന്ധനകൾ :

1. വാഹനം സ്ക്രാപ്പിനാണ് നൽകുന്നത്.
2. വാഹനവും അതിന്റെ റെക്കോർഡുകളും എല്ലാ പ്രവർത്തി ദിവസങ്ങളിലും (01-09-2022,1.00 pm വരെ) രാവിലെ 10.30 മുതൽ വൈകുന്നേരം 04.00 മണി വരെയുള്ള സമയത്ത് അനെർട്ട് ആസ്ഥാന കാര്യാലയത്തിൽ നേരിട്ടെത്തി പരിശോധിക്കാവുന്നതാണ്.
3. അനെർട്ടിൽ നിന്നും വാഹനം സ്ക്രാപ്പായി അനുവദിക്കുന്ന തിയതി വരെയുള്ള വാഹനത്തിന്റെ കുടിശ്ശിക തുക (ടാക്സ്, ഇൻഷ്വറൻസ് മുതലായവ) അനെർട്ട് വഹിക്കുന്നതാണ്.
4. ക്വട്ടേഷൻ വെള്ള പേപ്പറിൽ സ്വയം തയ്യാറാക്കാവുന്നതാണ് . ക്വട്ടേഷനിൽ ക്വട്ടേഷൻ സമർപ്പിക്കുന്ന (1).ആളിന്റെ/സ്ഥാപനത്തിന്റെ പേര്, (2).മുഴുവൻ മേൽ വിലാസവും പിൻ കോഡും, (3).ക്വോട്ട് ചെയ്യുന്ന തുക അക്കത്തിലും അക്ഷരത്തിലും, (4). അപേക്ഷകന്റെ പൂർണ്ണ ഒപ്പ് എന്നിവ ഉണ്ടായിരിക്കേണ്ടതാണ്.
5. ക്വട്ടേഷനോടൊപ്പം 5000/- രൂപയുടെ നിരതദ്രവ്യം അനെർട്ട് ആസ്ഥാന കാര്യാലയത്തിൽ അടച്ച അസ്സൽ രസീത് അല്ലെങ്കിൽ ടി തുക നാഷണലൈസ്ഡ് ബാങ്കിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, അനെർട്ട് എന്ന

പേരിൽ അടച്ചതായ ഡി.ഡി. യും, തിരിച്ചറിയൽ രേഖയുടെ പകർപ്പും സമർപ്പിക്കേണ്ടതാണ്.

6. മേൽ പറഞ്ഞ രേഖകൾ ഉളളടക്കം ചെയ്ത് ഒട്ടിച്ച കവറിൽ , കവറിന് പുറത്ത് "വാഹനത്തിനായുളള ക്വട്ടേഷൻ" എന്ന് രേഖപ്പെടുത്തി അനെർട്ട് കേന്ദ്ര ഓഫീസിൽ നേരിട്ടോ അല്ലെങ്കിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, അനെർട്ട്, പി.എം.ജി, ലോ കോളേജ് റോഡ്, വികാസ് ഭവൻ.പി.ഒ, തിരുവനന്തപുരം- 695033 എന്ന വിലാസത്തിലോ നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കും വിധം സമർപ്പിക്കേണ്ടതാണ്.
7. നിശ്ചയിച്ചിട്ടുളള അവസാന തിയതിക്കും സമയത്തിനും ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല. കൂടാതെ നിബന്ധനകൾ പാലിക്കാതെ സമർപ്പിക്കുന്ന ക്വട്ടേഷനുകളും പരിഗണിക്കുന്നതല്ല.
8. 02.09.2022 തിയതി രാവിലെ 11.30 ന് വാഹനം പരസ്യമായ ലേലം നടത്തുന്നതാണ്.
9. ലേല നടപടികൾക്കു ശേഷം ക്വട്ടേഷനുകൾ തുറക്കുന്നതാണ്.
10. ഏജന്റിനെ പങ്കെടുപ്പിക്കുമ്പോൾ അനെർട്ട് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് മുൻകൂട്ടി അപേക്ഷ നല്കേണ്ടതും പ്രസ്തുത ഏജന്റിന്റെ ഒപ്പ് ലേലക്കാരൻ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.
11. ലേലം/ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ ഇപ്രകാരം മുൻകൂട്ടി അപേക്ഷ നൽകാതെ മറ്റ് വ്യക്തികളുടെ തിരിച്ചറിയൽ രേഖകൾ സമർപ്പിച്ച് ലേലം /ക്വട്ടേഷനിൽ പങ്കെടുക്കുന്നത് പരിഗണിക്കുന്നതല്ല.
12. ലേലത്തിൽ പങ്കെടുക്കുന്നവർ ലേലം തുടങ്ങുന്നതിന് മുൻപായി 5000/- രൂപ (രൂപ അയ്യായിരം മാത്രം) നിരതദ്രവ്യം അടക്കുകയും തിരിച്ചറിയൽ രേഖ ഹാജരാക്കുകയും ഹാജർ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.
13. ഏറ്റവും ഉയർന്ന നിരക്കിൽ ക്വട്ടേഷൻ/ലേലം കൊളളുന്നയാൾ നിരതദ്രവ്യമായി അടച്ച 5000/- രൂപ കൂടാതെ, ലേലതുകയുടെ 50% തുക തൽസമയം അടച്ച് രസീത് വാങ്ങേണ്ടതാണ് .ഇതിന് തയ്യാർ അല്ലെങ്കിൽ നിരത ദ്രവ്യം തിരികെ നല്കുന്നതല്ല.
14. ഇങ്ങനെ ചെയ്യാത്ത പക്ഷം രണ്ടാമതായി ഏറ്റവും ഉയർന്ന തുകയ്ക്ക് ക്വട്ടേഷൻ/ലേലം ലഭിച്ച ആൾക്ക് ക്വട്ടേഷൻ/ലേലം സ്ഥിരപ്പെടുത്തി നൽകുന്നതും അപ്രകാരം നിരതദ്രവ്യത്തിനു പുറമെ ലേലതുകയുടെ 50 ശതമാനം തുക കൂടി തൽസമയം അടച്ച് രസീത് വാങ്ങേണ്ടതാണ്.
15. ഇങ്ങനെയും ചെയ്യാത്ത പക്ഷം മൂന്നാമതായി ഏറ്റവും ഉയർന്ന തുകയ്ക്ക് ക്വട്ടേഷൻ/ലേലം ലഭിച്ച ആൾക്ക് ലേലം/ക്വട്ടേഷൻ സ്ഥിരപ്പെടുത്തി നൽകുന്നതും അപ്രകാരം നിരതദ്രവ്യത്തിനു പുറമെ ലേലതുകയുടെ 50 ശതമാനം തുക കൂടി തൽസമയം അടച്ച് രസീത് വാങ്ങേണ്ടതുമാണ്.
16. ലേലം കൊളളുന്നവരുടെ നിരതദ്രവ്യം (ആദ്യത്തെ 3 ഉയർന്ന തുക ഒഴികെ) കഴിയുന്നത്ര വേഗത്തിൽ തിരിച്ചു നൽകുന്നതാണ്.
17. ലേലത്തിലും/ക്വട്ടേഷനിലും ഏറ്റവും കൂടിയ നിരക്ക് വന്നവരിൽ ആദ്യത്തെ മൂന്ന്

പേരുടെ നിരതദ്രവ്യം അനെർട്ടിൽ സൂക്ഷിക്കുന്നതും ക്വട്ടേഷൻ /ലേലം കൊണ്ട മുഴുവൻ തുകയും, ടി തുകയുടെ 18% ജി.എസ്.ടി. യും ഒടുക്കുന്ന മുറയ്ക്ക് മറ്റുള്ളവരുടെ നിരതദ്രവ്യം തിരികെ നൽകുന്നതാണ്.

18.ലേലം കൊണ്ട തീയതി മുതൽ 5 ദിവസത്തിനകം ക്വട്ടേഷൻ/ലേലം കൊണ്ട മുഴുവൻ തുകയും, ടി തുകയുടെ 18 ശതമാനം ജി.എസ്.റ്റി യും ചേർത്ത് അടച്ചുതീർത്തു ലേലം കൊണ്ടയാളുടെ സ്വന്തം ഉത്തരവാദിത്വത്തിലും സ്വന്തം ചെലവിലും വാഹനം കൊണ്ട് പോകേണ്ടതാണ്.

19.അല്ലാത്തപക്ഷം തറവാടകയായി ദിവസം ഒന്നിന് 500/- രൂപാ വീതവും പിഴപ്പലിശയായി ലേലം/ക്വട്ടേഷൻ കൊണ്ട തുകയുടെ 10 ശതമാനം തുകയും ഈടാക്കുന്നതാണ്.

20.മുഴുവൻ തുകയും അടയ്ക്കുന്ന മുറയ്ക്ക് മാത്രമേ വാഹനത്തിന്റെ രേഖകൾ കൈമാറുകയുള്ളൂ. അതിനു ശേഷമേ വാഹനം കൊണ്ട് പോകുന്നതിന് അനുവദിക്കുകയുള്ളൂ.

21.പരമാവധി 15 ദിവസത്തിനകം ലേല വസ്തു മുഴുവൻ സംഖ്യയും, ജി.എസ്.റ്റി. യും വാടകയും, പിഴ പലിശയും അടച്ചുകൊണ്ട് പോകാത്തപക്ഷം പ്രസ്തുത ആളുടെ നിരതദ്രവ്യവും മുൻകൂർ അടച്ച 50% തുകയും അനെർട്ടിലേയ്ക്ക് കണ്ടു കെട്ടുന്നതിനുള്ള അനന്തര നടപടികൾ സ്വീകരിക്കുന്നതും ഇത്തരക്കാരെ തുടർന്നുള്ള ക്വട്ടേഷൻ/ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതുമല്ല.

22.വാഹനം സ്ക്രാപ്പായി നൽകുന്നതിനാൽ വാഹനം പൊളിക്കുന്നതിന് തിരുവനന്തപുരം ആർ.റ്റി.ഒ. യുടെ അധികാര പരിധിയിൽ വരുന്ന സ്ഥലത്ത് വച്ച് ആർ.റ്റി.ഒ. അധികാരികളുടെ സാന്നിധ്യത്തിൽ /നിർദ്ദേശ പ്രകാരം വാഹനം പൊളിക്കേണ്ടതാണ്. ഇതിലേയ്ക്കായി ക്വട്ടേഷൻ/ലേലം കൊണ്ടയാൾ ആർ.റ്റി.ഒ. അധികാരികളെ സമീപിക്കേണ്ടതാണ്.

23.ക്വട്ടേഷൻ/ലേലം കൊണ്ടയാൾ ഈ ക്വട്ടേഷൻ/ലേല നോട്ടീസിലെ നിബന്ധനകൾ പാലിച്ച് വാഹനം കൈപ്പറ്റുന്നതിന് സമ്മതമാണെന്നും വാഹനം പൊളിക്കുന്ന കാര്യത്തിൽ ആർ .റ്റി.ഒ. അധികാരികളുടെ നിർദ്ദേശം പാലിക്കുന്നതാണ് എന്നും 200/- രൂപയുടെ മുദ്ര പത്രത്തിൽ എഴുതി ഒപ്പ് വച്ച് നൽകേണ്ടതാണ്.

24.ഈ ക്വട്ടേഷൻ/ലേല നടപടികളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അന്തിമ തീരുമാനമെടുക്കാനുള്ള പൂർണ്ണ അധികാരം അനെർട്ട് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കാണ്.

25.ക്വട്ടേഷൻ/ലേലം യാതൊരു കാരണമോ മുന്നറിയിപ്പോ കൂടാതെ നിർത്തി വയ്ക്കാനോ, നീട്ടി വയ്ക്കുന്നതിനോ, റദ്ദാക്കുന്നതിനോ ഉള്ള അധികാരം അനെർട്ട് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

26.ആർ.റ്റി.ഒ അധികാരികളുടെ സാന്നിദ്ധ്യത്തിൽ /നിർദേശ പ്രകാരം വാഹനം പൊളിച്ച ശേഷം ഇത് സംബന്ധമായ എല്ലാ നടപടി ക്രമങ്ങളും പൂർത്തിയായ ശേഷം മാത്രമേ നിരതദ്രവ്യം തിരികെ നൽകുകയുള്ളൂ.

27. ലേലം/ക്വട്ടേഷനനുമായി ബന്ധപ്പെട്ട് എന്തെങ്കിലും തർക്കമോ വ്യവഹാരമോ വരികയാണെങ്കിൽ അത് തിരുവനന്തപുരത്തുള്ള കോടതികളിൽ മാത്രം കൈകാര്യം ചെയ്യപ്പെടേണ്ടതാണ്.

Narendra Nath Veluri I F S
Chief Executive Officer
ANERT

Copy to : 1. Notice Board
2. IT Section for publishing on Website of ANERT
3. Cashier
4. Technical Manager
5. Office copy